"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2015-16 - ബാലുശ്ശേരി നിയോജക മണ്ഡലം -പനങ്ങാട് ഗ്രാമപഞ്ചായത്ത് -പുതുക്കുടിമുക്ക് പോപ്പറ്റത്താഴെ റോഡ് എന്ന പ്രവൃത്തിയുടെ പേര് സത്യശീലൻ റോഡ് പ്രവൃത്തി എന്നാക്കി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.349/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 10.01.2018-ലെ സ. ഉ. (സാധാ) നം.173/2018/പൊ.വി.വ.

2 14.08. 2019 ലെ സ. ഉ. (സാധാ) നം.6493/2019/ധന.

3 19.11.2019-ലെ സ. ഉ. (സാധാ) നം.4944/2019/പൊ.വി.വ.

4 ബാലുശ്ശേരി എം.എൽ.എ ശ്രീ പുരുഷൻ കടലുണ്ടി അവർകൾ കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനിയറിന് നൽകിയ 09.03.2020 ലെ കത്ത്.

5 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.06 2020 ലെ ഡിബി4/1435/2020/സി. ഇ./തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ശിവപുരം ഗവ: ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ ലാബിനായി ബഹു. എം.എൽ.എ. ശ്രീ പുരുഷൻ കടലുണ്ടി അവർകളുടെ 2015-16 ആസ്തി വികസന ഫണ്ടിൽ നിന്നും പരാമർശം 1 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സ്കൂളിന് ആവശ്യമായ ലാബ് സൗകര്യം കിഫ്ബി മുഖേന അനുവദിച്ചതിനാൽ ടി ഭരണാനുമതി റദ്ദ് ചെയ്ത് അതിൽ നിന്നും 15 ലക്ഷം രൂപ നടുവണ്ണൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനും 10 ലക്ഷം രൂപ പനങ്ങാട് പഞ്ചായത്തിലെ പുതുക്കുടിമുക്ക് പോപ്പറ്റത്താഴെ റോഡിനും അനുവദിക്കണമെന്ന് ബഹു എം. എൽ.എ ആവശ്യപ്പെടുകയും ധന വകുപ്പ് പരാമർശം 2 പ്രകാരം മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകകുകയും ചെയ്തു.

ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിയുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് പരാമർശം 3 പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ശിവപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ ലാബിന് ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദുചെയ്ത് ഉത്തരവായിട്ടുണ്ട്.

പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ പുതുക്കുടിമുക്ക് പോപ്പറ്റത്താഴെ റോഡിനെ സത്യശീലൻ റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ പ്രവൃത്തിയുടെ പേര് സത്യശീലൻ റോഡ് എന്നാക്കി മാറ്റി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് ബഹു: എംഎൽഎ ശ്രീ പുരുഷൻ കടലുണ്ടി

പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടു.

ശ്രീ. പുരുഷൻ കടലുണ്ടി അവർകളുടെ 2015-16 ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപാ വിനിയോഗിച്ച് ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്തിലെ പുതുക്കുടിമുക്ക് പോപ്പറ്റത്താഴെ റോഡ് എന്ന പ്രവൃത്തിയുടെ പേര് സത്യശീലൻ റോഡ് എന്നാക്കി മാറ്റി ഭരണാനുമതി പുതുക്കുന്നതിനായി, പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും മറ്റനുബന്ധ രേഖകളും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ പരാമർശം 4 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്തിലെ പുതുക്കുടിമുക്ക് പോപ്പറ്റത്താഴെ റോഡ് എന്ന പ്രവൃത്തിയുടെ പേര് സത്യശീലൻ റോഡ് പ്രവൃത്തി എന്നാക്കി 10 ലക്ഷം രൂപയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ശ്രീ പുരുഷൻ കടലുണ്ടി എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കാണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടിവ്ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.09 13:14:41 IST
Reason: Approved
സെക്ഷൻ ഓഫീസർ